# പതിനാലാം കേരള നിയമസഭ
# നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 571 28.02.2017- ൽ മറുപടിക്ക്**

**മൈലാട്ടിയിൽ ഉദ്ഘാടനം ചെയ്ത ടെക്സ്റ്റൈൽ മിൽ പ്രവർത്തനം**

| ചോദ്യം<br>ശ്രീ.എം.രാജഗോപാലൻ | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തു ആരംഭിച്ചതും കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കാലത്ത് പൂട്ടിയിട്ടതുമായ ടെക്സ്റ്റയിൽ മിൽ തുറന്ന് പ്രവർത്തിക്കാൻ സർക്കാരിന് കഴിയാതെ വന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ ആരംഭിച്ച ഉദുമ ടെക്സ്റ്റൈൽസ് തുറന്ന് പ്രവർത്തിക്കാൻ കഴിയാതെ വന്നതിനുള്ള കാരണങ്ങൾ താഴെ പറയുന്നവയാണ്.<br>1) പദ്ധതിക്ക് ആവശ്യമായ തൊഴിലാളികളെയും ജീവനക്കാരെയും നിയമിക്കുന്നതിന് സാധിച്ചിട്ടില്ല. ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസുകളും, നേരത്തെ തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് റദ്ദ് ചെയ്യപ്പെട്ടതും, അതിനെ തുടർന്നുണ്ടായ കേസുകളും നിയമനങ്ങൾക്ക് തടസ്സമായി.<br>2)എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് 16 കോടി രൂപയുടെ അടങ്കൽ തുക പ്രതീക്ഷിച്ചുകൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിച്ച പദ്ധതിക്ക് കോസ്റ്റ് ഓവർ റൺ ഉണ്ടായതിനാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2012 മെയ് മാസം പുതുക്കിയ അടങ്കൽ തുകക്ക് (21.09 കോടി രൂപ) ഭരണാനുമതിക്ക് സമർപ്പിച്ചു. 2015 ജൂൺ മാസമാണ് ഭരണാനുമതി ലഭിച്ചത്. വീണ്ടും കാലതാമസം വന്നതു കൊണ്ട് 33.94 കോടി അടങ്കൽ തുകയ്ക്കുള്ള പുതുക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് വീണ്ടും തയ്യാറാക്കി. |
| (ബി) ഈ മിൽ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; മില്ലിൽ അവശ്യമായി വരുന്ന തൊഴിലാളികളെ കഴിഞ്ഞ എൽ.ഡി. എഫ്. സർക്കാർ കാലത്ത് നിയമിച്ചത് നിലനിർത്താൻ നടപടികളുണ്ടാകുമോ; വ്യക്തമാക്കാമോ? | (ബി) പുതുക്കിയ പ്രോജക്ട് റിപ്പോർട്ടിന് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് മില്ലിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നും ഹൈക്കോടതിയിലെ കേസുകളിന്മേൽ തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കുവാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**